**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**

**07-02-2019**

**<u>രേഖകൾ സമർപ്പിക്കുന്നതിലെ കാലതാമസം</u>**

<u>മി. സ്പീക്കർ</u>: ഇതേവിഷയം 2018 മാർച്ച് മാസം 22-ാം തീയതി ബഹുമാനപ്പെട്ട അംഗം ശ്രീ. ഉമ്മർ തന്നെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു സംഗതിയാണ് .ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിനെ സംബന്ധിക്കുന്ന രേഖകളും ഒരു വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന്റെ ചെലവിന്മേലുള്ള വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും യഥാസമയം സഭയിൽ സമർപ്പിക്കണമെന്നത് നിർബന്ധമായ ഒരു കാര്യം തന്നെയാണ്. ഇതു സംബന്ധിച്ച് ചെയറിൽ നിന്നുണ്ടായ വ്യക്തമായ റൂളിംഗിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ വലിയ നടപടികൾ സ്വീകരിച്ചതായി മനസ്സിലാക്കുന്നു, വലിയ മാറ്റങ്ങൾ ഉള്ളതായും കാണുന്നുണ്ട്. പാർ

ലമെന്ററികാര്യ വകുപ്പുമന്ത്രി തന്നെ ഇവിടെ വിശദീകരിക്കുകയുണ്ടായി . ഉന്നയിക്കപ്പെട്ട വിഷയം പരിഹരിക്കുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഇനിയും ഒറ്റപ്പെട്ട കേസുകളിൽ കാലതാമസം ഉണ്ടാകുന്നുവെന്നതുകൂടി പരിഹരിക്കപ്പെടേണ്ടതുണ്ട്.

ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും ബന്ധപ്പെട്ട ഉത്തരവാദികളെ ഫിക്സ് ചെയ്യുന്ന നിലയിൽ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോയി കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടികൾ എല്ലാ വകുപ്പുകളിലും പരിശ്രമിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.